REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-05-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി.
- കേരളത്തിൽ പലയിടത്തും ശക്തമായ മഴ തുടരുന്നു. അഞ്ച് ദിവസം കൂടി കനത്ത മഴയ്ക്കും കാറ്റിനും സാധ്യത.
- കേരള നിയമസഭയുടെ 11-ാം സമ്മേളനം അടുത്ത മാസം 10 ന് വിളിച്ചു ചേർക്കാൻ ഗവർണറോട് ശുപാർശ ചെയ്യും.
- മദ്യനയവുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ പുറത്തുവിട്ട ശബ്ദരേഖ വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നതെന്ന് മന്ത്രി M.B രാജേഷ്.
- ഉന്നത വിദ്യാഭ്യാസ മേഖലയെ കാലാനുസൃതമായി പരിഷ്കരിക്കുകയാണ് നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ലക്ഷ്യമെന്ന് മന്ത്രി R ബിന്ദു.
- IPL ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ ഇന്ന് രാജസ്ഥാൻ റോയൽസ്, സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

**നാളത്തെ ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പിന് ഒരുക്കങ്ങൾ പൂർത്തിയായി. ആറ് സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളിൽ നാളെ രാവിലെ വോട്ടെടുപ്പ് തുടങ്ങും. നിശബ്ദ പ്രചാരണത്തിന്റെ ദിവസമായ ഇന്ന് അവസാന മണിക്കൂറുകളിലും സ്ഥാനാർത്ഥികൾക്കു വേണ്ടി**

വോട്ട് ഉറപ്പാക്കുകയാണ് പ്രവർത്തകർ. നാളെ രാവിലെ ഏഴിന് ആരംഭിക്കുന്ന വോട്ടിംഗ് വൈകിട്ട് ആറു വരെ നീളും.

ഉത്തർ പ്രദേശിലെ 14-ഉം, ഹരിയാനയിലെ പത്തും, ബീഹാറിലെയും പശ്ചിമ ബംഗാളിലെയും എട്ട് വീതവും ഡൽഹിയിലെ ഏഴും, ഒഡീഷയിലെ ആറും ജാർഖണ്ഡിലെ നാലും, ജമ്മുകശ്മീരിലെ ഒന്നും മണ്ഡലങ്ങളിലാണ് നാളെ വിധിയെഴുത്ത്.

ഒഡീഷ നിയമസഭയിലേക്ക് മൂന്നാം ഘട്ടത്തിൽ 42 മണ്ഡലങ്ങൾ നാളെ ബൂത്തിലെത്തും. ശേഷിക്കുന്ന 42 മണ്ഡലങ്ങളിൽ നാലാമത്തെയും അവസാനത്തെയും ഘട്ടത്തിൽ ജൂൺ ഒന്നിനാണ് വോട്ടെടുപ്പ്.

ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ അടുത്ത മാസം ഒന്നിന് ഏഴ് സംസ്ഥാനങ്ങളിലും, ചണ്ഡിഗഢിലുമായി 57 സീറ്റുകളിൽ വോട്ടെടുപ്പ് നടക്കുന്നതോടെ 18-ാം ലോക്സഭാ തിരഞ്ഞെടുപ്പ് പൂർത്തിയാകും. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

✪✪✪

കേരളത്തിൽ പലയിടത്തും ശക്തമായ മഴ തുടരുന്നു. അടുത്ത അഞ്ച് ദിവസം കൂടി ചിലയിടങ്ങളിൽ ഇടിയോടു കൂടിയ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തെക്കു-കിഴക്കൻ അറബിക്കടലിൽ കേരള തീരത്തിനരികെ രൂപപ്പെട്ട ന്യൂനമർദ്ദത്തിന്റെ സ്വാധീനത്താലാണിത്. ഇന്നലെ രാത്രിയും ഇന്ന് ഉച്ച വരെയും തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർകോട്, എറണാകുളം ജില്ലകളിൽ വ്യാപകമായി മഴ പെയ്തു.

തൃശൂരിൽ ജനറൽ ആശുപത്രിക്കടുത്തും, പാലക്കാട് അട്ടപ്പാടിയിലും മരങ്ങൾ കടപുഴകി വീണ് ഗതാഗതം തടസ്സപ്പെട്ടു- മരത്തിനടിയിൽപ്പെട്ട് ഏതാനും ഗുഡ്സ് ഓട്ടോറിക്ഷകൾ തകർന്നു. ഒരു ഓട്ടോറിക്ഷ പൂർണമായും ഒരെണ്ണം ഭാഗികമായും തകർന്നു. യാത്രക്കാരുമായി പോയിരുന്ന ബസ് തലനാരിഴക്കാണ് രക്ഷപ്പെട്ടത്. മരം വീണതിനെ തുടർന്ന് ലൈനുകൾ പൊട്ടി വൈദ്യുതി വിതരണം താറുമാറായി.

പാലക്കാട് ജില്ലയിൽ നദികളിലും ജലാശയങ്ങളിലും ജലനിരപ്പ് ഉയർന്നു. ഭാരതപ്പുഴയിൽ വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ പത്തു ഷട്ടറുകൾ തുറന്നു.

മലപ്പുറത്ത് കനത്ത മഴയിൽ ഏറെ നാശനഷ്ടമുണ്ടായി. വെള്ളപ്പൊക്ക ഭീഷണിയെ തുടർന്ന് ചേലേമ്പ്ര ALP സ്കൂളിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നു.

എട്ട് കുടുംബങ്ങളിലെ 35 പേർ ക്യാമ്പിലുണ്ട്. കനത്ത വെള്ളപ്പാച്ചിലിൽ ചേലൂപ്പാടം സ്കൂളിന് സമീപം നിറുത്തിയിട്ടിരുന്ന രണ്ട് കാറുകൾ അര കിലോമീറ്ററിലേറെ ദൂരം ഒഴുകിപ്പോയി. ചേലമ്പ്ര സ്വദേശിയായ ഒരാളെ കാണാതായി. ഇയാളുടെ സൈക്കിൾ തോട്ടിൽ നിന്ന് കണ്ടെടുത്തു. തെരച്ചിൽ

തുടരുകയാണ്. ഏതാനും വീടുകളിൽ വെള്ളം കയറി. ദേശീയപാത നിർമ്മാണ മേഖലയിൽ ചിലയിടങ്ങളിൽ സർവീസ് റോഡുകളിൽ വിള്ളൽ വീണു.

കോഴിക്കോട് ജില്ലയിൽ രാത്രിയിൽ മഴ പെയ്തെങ്കിലും ഉച്ചവരെ കാര്യമായ മഴയില്ല. ഇന്നലെ പന്തിരാങ്കാവിൽ മതിലിടിഞ്ഞ് വീണ് പരിക്കേറ്റ രണ്ട് പേരെ ഫയർ ഫോഴ്സ് രക്ഷപ്പെടുത്തി. മാത്തറയിൽ രണ്ടിടങ്ങളിൽ മരം വീണു. അത്തോളി ചിക്കിലോടും മരം വീണ് ഗതാഗത തടസ്സമുണ്ടായി. മഴക്കെടുതിയെ തുടർന്ന് കോഴിക്കോട്, കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി നാലിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. 27 വില്ലേജുകളിൽ മഴക്കെടുതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. വിവിധ ഇടങ്ങളിലായി 27 വീടുകളാണ് ഭാഗികമായി തകർന്നത്.

എറണാകുളം ജില്ലയിൽ ഇന്നലെ രാത്രിയിലും ഇന്നും പലയിടങ്ങളിലും മഴ പെയ്തു. ആലുവ പുളിഞ്ചോട് പഴയറോഡിൽ വെള്ളക്കെട്ടുണ്ടായി. സമീപത്തെ വീടുകളിലും വെള്ളം കയറി. താഴ്ന്ന പ്രദേശങ്ങൾ വെള്ളക്കെട്ട് ഭീഷണി നേരിടുകയാണ്.

കാസർഗോഡ് ജില്ലയിൽ ഇന്ന് പുലർച്ചെ ഇടിയോട് കൂടി മഴ പെയ്തു. ഉച്ചയായതോടെ മഴയുടെ തീവ്രത കുറഞ്ഞു.

കണ്ണൂർ ജില്ലയിൽ ഇന്ന് പകൽ മഴയ്ക്ക് അല്പം ശമനം ഉണ്ടായി. ഇന്നലെ രാത്രി പെയ്ത മഴയിൽ പലയിടത്തും വെള്ളക്കെട്ട് രൂപപ്പെട്ടു. കണ്ണൂർ-കൂത്തുപറമ്പ് റൂട്ടിൽ കാടാച്ചിറയിൽ റോഡിൽ ഒലിച്ചിറങ്ങിയ മണ്ണ് നീക്കം ചെയ്തു.

✪✪✪

കണ്ണൂർ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുടങ്ങി. സുരക്ഷാ ബോട്ടുകളുടെയും ലൈഫ്ഗാർഡിന്റെയും സേവനം സജ്ജമാക്കിയിട്ടുണ്ട്.

പഴശ്ശി ജല സംഭരണിയിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഇനിയൊരറിയിപ്പില്ലാതെ ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റ് വീശാനിടയുണ്ടെന്നും, കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. നാളെ രാത്രി 11.30 വരെ കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മൂന്ന് മീറ്ററിലധികവും, തെക്കൻ തമിഴ്നാട് തീരത്ത് നാല് മീറ്ററിലധികവും ഉയരത്തിൽ തിരമാലകൾക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪

15-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനം അടുത്ത മാസം 10 മുതൽ വിളിച്ചു ചേർക്കുന്നതിന് ഗവർണറോട് ശുപാർശ ചെയ്യാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

പഞ്ചായത്ത്, മുൻസിപ്പാലിറ്റി വാർഡുകളുടെ എണ്ണം വർധിപ്പിക്കുന്നതിനുള്ള കരട് ബിൽ സംസ്ഥാന മന്ത്രി സഭാ യോഗം അംഗീകരിച്ചു.

✪✪✪

മദ്യനയവുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ പുറത്തുവിട്ട ശബ്ദരേഖ വളരെ ഗൗരവത്തോടെയാണ് ഗവൺമെന്റ് കാണുന്നതെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. മദ്യനയത്തിന്റെ ആലോചനകളിലേക്ക് ഗവൺമെന്റ് കടന്നിട്ടില്ലെന്നും പ്രാരംഭ ചർച്ചകൾപോലും ആയിട്ടില്ലെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

അത്തരമൊരു സാഹചര്യത്തിൽ ചിലർ പണപ്പിരിവിന് ശ്രമിക്കുന്നു എന്നത് അത്യന്തം ഗൗരവമായാണ് ഗവൺമെന്റ് കാണുന്നത്. അത്തരക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു.

മദ്യനയത്തെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ ഉറവിടം എന്താണെന്ന് അറിയില്ല. ഐടി പാർക്കിൽ ലഘു മദ്യങ്ങൾക്ക് അനുമതി നൽകുന്ന കാര്യം കഴിഞ്ഞ മദ്യനയത്തിൽ ഉൾപ്പെടുത്തിയിരുന്ന വിഷയമാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

പുതിയ മദ്യനയം നടപ്പാക്കുന്നത് ബാറുടമകളിൽ നിന്ന് 25 കോടി രൂപയുടെ അഴിമതി നടത്തിയാണന്ന് KPCC പ്രസിഡണ്ട് K സുധാകരൻ ആരോപിച്ചു. ഇതിന്റെ ഉത്തരാവാദിത്വം ഏറ്റെടുത്ത് മന്ത്രി MB രാജേഷ് ഉടൻ രാജി വെക്കണമെന്ന് സുധാകരൻ തിരുവനന്തപുരത്ത് വാർത്താ കുറിപ്പിൽ ആവശ്യപ്പെട്ടു.

✪✪✪

**നാഷണൽ ഡിഫൻസ് അക്കാദമിയിലെ 146 -ാം ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡ് പൂനെയിലെ ഘടക്‌വസാലയിൽ നടന്നു. സൈനിക മേധാവി ജനറൽ മനോജ് പാണ്ഡെയുടെ സാന്നിധ്യത്തിലായിരുന്നു പരേഡ്. 205 കേഡറ്റുകൾക്ക് ജവഹർലാൽ നെഹ്റു സർവകലാശാലയുടെ ബിരുദം ഇന്നലെ സമ്മാനിച്ചിരുന്നു.**

✪✪✪

**ഉന്നത വിദ്യാഭ്യാസ മേഖലയെ കാലാനുസൃതമായി പരിഷ്കരിക്കുകയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും ചെയ്യുക എന്നതാണ് നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ ലക്ഷ്യമെന്ന് മന്ത്രി R ബിന്ദു പറഞ്ഞു. നാല് വർഷ ബിരുദ പ്രോഗ്രാമിനെപ്പറ്റി തിരുവനന്തപുരത്ത് ഏകദിന മാധ്യമ ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.**

**തൊഴിൽ, ഗവേഷണം എന്നിവ സംയോജിപ്പിച്ചാണ് നാല് വർഷ ബിരുദ പ്രോഗ്രാം മുന്നോട്ട് പോകുന്നത്. ഇത് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അന്ധമായ അനുകരണമല്ല. വിദ്യാർത്ഥി കേന്ദ്രീകൃതമായ കാഴ്ചപ്പാടാണ് ഇതിലൂടെ മുന്നോട്ട് വയ്ക്കുന്നത്. ജനപക്ഷ വൈജ്ഞാനിക സമൂഹമാക്കി കേരളീയ സമൂഹത്തെ മാറ്റുക എന്നതും ഇതിന്റെ ലക്ഷ്യമാണ്. 6000 കോടി രൂപയാണ് സർക്കാർ നാലു വർഷ ബിരുദ പ്രോഗ്രാമിനായി വിന്യസിച്ചിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു.**

✪✪✪

**സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ സ്കൂളുകളിൽ നാളെ ശുചീകരണ ദിനം ആചരിക്കും. മന്ത്രി V.ശിവൻകുട്ടി തിരുവനന്തപുരം കരമന ബോയ്സ് ഹൈസ്കൂളിൽ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കും.**

✪✪✪

**ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡ് നാളെ നടക്കും. വ്യോമസേന മേധാവി എയർ ചീഫ് മാർഷൽ വിവേക് റാം ചൗധരി പരേഡിൽ മുഖ്യാതിഥിയായി പങ്കെടുത്ത് അഭിവാദ്യം സ്വീകരിക്കും. പരേഡിന് മുന്നോടിയായി ഇന്നലെ നടന്ന ഔട്ട്ഡോർ ട്രെയിനിങ് പ്രദർശനത്തിൽ കാഡറ്റുകളുടെ വിവിധ സാഹസിക പ്രകടനങ്ങൾ അവതരിപ്പിച്ചു.**

✪✪✪

**IPL ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ ഇന്ന് രാജസ്ഥാൻ റോയൽസ് സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും. രാത്രി ഏഴരക്ക് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.**

മത്സരത്തിലെ വിജയികൾ, മറ്റന്നാൾ ചെന്നൈയിൽ നടക്കുന്ന ഫൈനലിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

✪✪✪

മലേഷ്യൻ മാസ്റ്റേഴ്സ് ബാഡ്മിന്റൺ സിംഗിൾസിൽ P.V സിന്ധു സെമിഫൈനലിൽ പ്രവേശിച്ചു. കോലാലംപൂരിൽ ചൈനീസ് താരത്തെയാണ് സിന്ധു തോൽപ്പിച്ചത്. എന്നാൽ മറ്റൊരു ക്വാർട്ടർ ഫൈനലിൽ അഷ്മിത ചെല്ലയ്യ ചൈനീസ് താരത്തോട് തോറ്റ് പുറത്തായി.

മറ്റ് മത്സര വിഭാഗങ്ങളിൽ കിരൺജോർജ് സായിപ്രദീപ്, കൃഷ്ണപ്രസാദ് ഗരഗ, ട്രീസ ജോളി, ഗായത്രി ഗോപീചന്ദ് തുടങ്ങിയവരും ക്വാർട്ടറിൽ പരാജയപ്പെട്ടു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളം വഴി ഹജ്ജിനു പോകുന്നവർക്കായി ഈ മാസം 31-ന് ഹജ്ജ് ക്യാമ്പ് ആരംഭിക്കും. ജൂൺ ഒന്ന് മുതൽ 10 വരെ സൗദി അറേബ്യൻ എയർലൈൻസിന്റെ ഒമ്പത് സർവീസുകൾ നടത്തും. 3,261 പേരാണ് കണ്ണൂരിൽ നിന്ന് യാത്ര ചെയ്യുക. ജൂൺ ഒന്നിന് പുലർച്ചെ 5.55 നാണ് ആദ്യ സർവീസ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിന് തിരക്കേറി. ഗജവീരൻമാരുടെ അകമ്പടിയോടെ ഇത്തവണത്തെ ആദ്യ ശീവേലി ഇന്നലെ നടന്നു. സ്ത്രീകളുൾപ്പെടെ നിരവധി പേർ അക്കരെ കൊട്ടിയൂരിൽ ദർശനം നടത്തി.

ഈ മാസം 29-ന് ആദ്യത്തെ ആരാധനയായ തിരുവോണം ആരാധനയും ഇളനീർവെപ്പും നടക്കും.

✪✪✪

ഏതാനും ട്രെയിനുകൾക്ക് പരീക്ഷണാർത്ഥം അനുവദിച്ച സ്റ്റോപ്പുകൾ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ തുടരുമെന്ന് ദക്ഷിണ റെയിൽവേ അറിയിച്ചു.

കച്ചിഗുഡ - മംഗളുരു- കച്ചിഗുഡ പ്രതിവാര എക്സ്പ്രസിനും, ലോക്മാന്യതിലക് - തിരുവനന്തപുരം- ലോകമാന്യതിലക് നേത്രാവതി എക്സ്പ്രസിനും നീലേശ്വരത്ത് സ്റ്റോപ്പ്തുടരും.

✪✪✪

സംസ്ഥാനത്തെ നാല് ആനസങ്കേതങ്ങളിലും ഇന്നലെ ആരംഭിച്ച കാട്ടാനകളുടെ കണക്കെടുപ്പ് നാളെ പൂർത്തിയാകും. ആനസങ്കേതങ്ങളുടെ 10 ചതുരശ്ര കിലോമീറ്ററുകളെ ഓരോ ബ്ലോക്കുകളായി തിരിച്ചാണ്

കണക്കെടുക്കുന്നത്. ആനമുടി, നിലമ്പൂർ, പെരിയാർ, വയനാട് ആനസങ്കേതങ്ങളിലായി ആകെ 160 ബ്ളോക്കുകളിലാണ് കണക്കെടുപ്പ് നടക്കുന്നത്.

✪✪✪

വയനാട് നൂൽപ്പുഴയിൽ ഇന്നലെ രാത്രി കാട്ടാന ആക്രമണത്തിൽ യുവാവിന് പരിക്കേറ്റു. പരിക്കംപറ്റ മാലക്കാപ്പ് കാട്ടുനായ്ക്ക കോളനിയിലെ വീട്ടിലേക്ക് പോവുകയായിരുന്ന വാസുവിനെ കാട്ടാന തട്ടിയെറിയുകയായിരുന്നു. ഇയാളെ ബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

കാസർകോട് ബന്തടുക്കയിൽ വർക്ക് ഷോപ്പ് ഉടമയായ യുവാവിനെ റോഡരികിലെ അഴുക്കുചാലിൽ മരിച്ച നിലയിൽ കണ്ടെത്തി. രതീഷ് എന്ന 40 കാരനാണ് മരിച്ചത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 720 രൂപ കുറഞ്ഞ് 53,120 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 6,640 രൂപ.

✪✪✪